കവർസ്റ്റോറി

ടി. മുഹമ്മദ് വേളം

# പൊതുതെരഞ്ഞെടുപ്പ് കേരളം ചിന്തിച്ചത്

**കേരളത്തിന്റെ** തെരഞ്ഞെടുപ്പ് വിധി ഏതെങ്കിലും ഒറ്റ മാനദണ്ഡം കൊണ്ട് അളന്നെഴുതാവുന്നതല്ല. സമ്മിശ്രവും സങ്കീർണവുമായ ഒന്നിലധികം ഘടകങ്ങൾ ഇതിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരളീയ ചരിത്രത്തിൽ ആഴത്തിൽ വേരുകളുള്ളതും സാർവദേശീയ സാഹചര്യത്തിൽ വിസ്തൃതമായി പന്തലിച്ചുനിൽക്കുന്നതുമായ മുസ്‌ലിംവിരുദ്ധ പൊതുബോധം ഏറെ കാര്യമായി കേരളത്തിൽ പ്രവർത്തിച്ച തെരഞ്ഞെടുപ്പാണിത്. ഒരു തെരഞ്ഞെടുപ്പ് ഫലത്തെ ശരിയായ രാഷ്ട്രീയ നിലപാടിന്റെയും തെറ്റായ നിലപാടിന്റെയും മാനകമായി കാണുന്നത് അബദ്ധപൂർണമായ രാഷ്ട്രീയസമീപനമായിരിക്കും. എന്നാൽ സക്രിയമായ പൗരസമൂഹത്തിന്റെ ജാഗ്രതകളെയും തെരഞ്ഞെടുപ്പ് ഫലം എത്രയോ അളവിൽ ഉൾക്കൊള്ളുന്നുണ്ട്.

1987ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇ.എം.എസ് ചെയ്തതാണ് ഈ തെരഞ്ഞെടുപ്പിൽ രമേശ് ചെന്നിത്തലയും ഉമ്മൻചാണ്ടിയും ചെയ്തത്. മുസ്‌ലിംവിരുദ്ധ പൊതുബോധത്തെ പരമാവധി ഊതിക്കത്തിച്ച് വോട്ടാക്കിമാറ്റുക എന്നതാണത്. കേരളത്തിലെ പത്ര, ടെലിവിഷൻ മാധ്യമങ്ങളുടെ നിർലോഭമായ പിന്തുണയോടെയാണ് വലതുപക്ഷം ഇത് സാധിച്ചത്. തെരഞ്ഞെടുപ്പ് കാലത്ത് നാം കണ്ട, വായിച്ച മഅ്ദനി വേട്ടയെക്കുറിച്ച് എഴുത്തുകാരൻ സക്കറിയ പറയുകയുണ്ടായി. മലിനജലം നിറച്ച ഒരു ടാപ്പ് ആരോ പറഞ്ഞിട്ടെന്നപോലെ പെട്ടെന്ന് തുറന്നിടുന്നു. തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ആരോ പറഞ്ഞിട്ടെന്നപോലെതന്നെ ആരോ അടക്കുകയും ചെയ്യുന്നു. 1987ലെ തെരഞ്ഞെടുപ്പും ഈ തെരഞ്ഞെടുപ്പും തമ്മിലുള്ള വ്യത്യാസം '87ൽ മാർക്സിസ്റ്റ് പാർട്ടി ഒരു മുസ്‌ലിം പാർട്ടിയെയും ഒപ്പം ചേർക്കാതെയാണ് ഈ മുസ്‌ലിംവിരുദ്ധ കാർഡ് കളിച്ചതെങ്കിൽ ഇപ്രാവശ്യം വലതുപക്ഷം മുസ്‌ലിം ലീഗിനെ ഒപ്പം നിർത്തിത്തന്നെയാണ് ഇത് പരീക്ഷിച്ചത്.

> **വോട്ടിനെക്കുറിച്ചും വോട്ടിന്റെ സ്വാധീനത്തെക്കുറിച്ചും ഒരവകാശവാദവുമില്ലെന്ന് തുറന്നുപ്രഖ്യാപിച്ചുകൊണ്ടാണ് ജമാഅത്ത് അതിന്റെ തെരഞ്ഞെടുപ്പ് നയം പ്രഖ്യാപിച്ചത്. ആരാന്റെ ജയം തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഏറ്റെടുക്കുന്ന, എട്ടുകാലി മമ്മൂഞ്ഞിത്തരമെന്നോ അല്ലെങ്കിൽ കേരളത്തിൽ മുസ്‌ലിയാർ-മൗലവി രാഷ്ട്രീയമെന്നോ പറയാവുന്ന രാഷ്ട്രീയ ആഭാസം ഏതായാലും ജമാഅത്തെ ഇസ്‌ലാമിക്കില്ല.**

ശരീഅത്ത് വിവാദത്തിനുശേഷം കേരളത്തിലെ മാധ്യമങ്ങൾ ഏറ്റവും മുസ്‌ലിംവിരുദ്ധമായി തുണിയുരിഞ്ഞാടുകയായിരുന്നു കഴിഞ്ഞ തെരഞ്ഞെടുപ്പ് കാമ്പയിൻ കാലത്ത്. മുസ്‌ലിംകൾ പ്രബല സമൂഹമായ കേരളത്തിൽ *മാതൃഭൂമി* പോലുള്ള ഒരു ദേശീയപത്രം എത്ര നഗ്നമായാണ് മുസ്‌ലിംവിരുദ്ധ അഴിഞ്ഞാട്ടം നടത്തുന്നതെന്നത് ലജ്ജാവഹമാണ്. മുസ്‌ലിം ലീഗ് നേതാവും മുൻ എം.എൽ.എയുമായ കളത്തിൽ അബ്ദുല്ലയുടെ പിതാവ് മരണപ്പെട്ടപ്പോൾ *മാതൃഭൂമി* ദിനപത്രം ചരമകോളത്തിൽ ഒന്നാം വാർത്തയായി 'കളത്തിൽ അബ്ദുല്ലയുടെ അച്ഛൻ' എന്നുകൊടുത്തു. ഇതിൽ ഒരു തെറ്റുമില്ല. പിതാവ് എന്നതിനെക്കുറിക്കാൻ *മാതൃഭൂമി* ഉപയോഗിക്കുന്ന പൊതുപദം അച്ഛൻ എന്നാണെങ്കിൽ അതൊരു പത്രത്തിന്റെ ശൈലിയുടെ ഭാഗം മാത്രമാണ്. എന്നാൽ അതേ പത്രം ആയിപ്പുഴ പെൺവാണിഭ വിധി റിപ്പോർട്ടു ചെയ്തത്. 'ആയിപ്പുഴ പെൺവാണിഭം ഉപ്പക്ക് ജീവപര്യന്തം' (*മാതൃഭൂമി* ദിനപത്രം മെയ് 14) എന്ന തലക്കെട്ടിലാണ്. ഈ മുസ്‌ലിംവിരുദ്ധ മാധ്യമ വയറിളക്കത്തിന്റെ ഗുണഭോക്താക്കൾ ഈ തെരഞ്ഞെടുപ്പിൽ ഐക്യജനാ

ധിപത്യ മുന്നണിയായിരുന്നു.

അമേരിക്കൻ സാമ്രാജ്യത്വം മുസ്‌ലിം സമൂഹത്തെ നല്ല മുസ്‌ലിമും ചീത്ത മുസ്‌ലിമുമായി വേർതിരിച്ച പോലെ നമ്മുടെ വലതുപക്ഷവും മാധ്യമങ്ങളും മുസ്‌ലിംലീഗിനെ നല്ല മുസ്‌ലിമായി മാമോദീസ മുക്കുകയായിരുന്നു. ഇന്ത്യൻ മുസ്‌ലിംകൾ പീഡനത്തിന്റെ നെരിപ്പോടിൽ കിടക്കുമ്പോൾ യു.എന്നിൽ പോയി ഇന്ത്യൻ മുസ്‌ലിംകൾ സമ്പൂർണ സുരക്ഷിതരെന്നു പ്രഖ്യാപിക്കുന്ന നേതാവിന്റെ പാർട്ടിയെ ഇവർ ഭയപ്പെടുകയോ വെറുക്കുകയോ ചെയ്യേണ്ട കാര്യമില്ലല്ലോ.

കേരളത്തിൽ ഈ തെരഞ്ഞെടുപ്പിൽ രൂപപ്പെട്ട മാർക്സിസ്റ്റ്-മുസ്‌ലിം കൂട്ടുകെട്ട് വളരെ യാദൃഛികമായി ഉണ്ടായതല്ല. ഇ.എം.എസിന്റെ അവസാനകാലം മുതൽ സി.പി.എമ്മിനകത്ത് മുസ്‌ലിം പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് രൂപപ്പെട്ട നയവികാസങ്ങളുടെ ഒരു ഘട്ടത്തിലാണ് സി.പി.എം പി.ഡി.പിയുമായി പരസ്യബന്ധത്തിലേർപ്പെടുന്നത്. ഇടതുപക്ഷ സാംസ്കാരിക പ്രവർത്തകരും *ദേശാഭിമാനി* വാരികയുമൊക്കെ ഈയൊരു വികാസത്തിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഇന്ത്യൻ ദേശീയ മുഖ്യധാരയും അമേരിക്കൻ സാമ്രാജ്യത്വവും എപ്രകാരമാണ് മുസ്‌ലിമിനെ അപരനാക്കി മാറ്റുന്നതെന്നും വേട്ടയാടുന്നതെന്നും തിരിച്ചറിയാൻ ഇടതുപക്ഷത്തിന് സാധിച്ചിട്ടുണ്ട്. ഇതൊരു രാഷ്ട്രീയമായ തിരിച്ചറിവാണ്.

നാല് മുസ്‌ലിം യുവാക്കൾ കശ്മീർ പോലീസുമായുണ്ടായി എന്നു പറയപ്പെടുന്ന ഏറ്റുമുട്ടലിൽ മരണപ്പെട്ടതിനെ തുടർന്ന് കേരളത്തിൽ നടന്ന പോലീസ് നടപടികൾ മറ്റു സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി ഒരു മുസ്‌ലിംവേട്ടയായി മാറാതിരുന്നതിന്റെ കാരണം മുസ്‌ലിംവേട്ടയുടെ രാഷ്ട്രീയത്തെ ഇടതുപക്ഷത്തിന് തിരിച്ചറിയാനായി എന്നതാണ്. കശ്മീരിൽ ഏറ്റുമുട്ടൽ മരണ(?)ത്തെ തുടർന്ന് കേരളാ പോലീസും തുടക്കത്തിൽ അതിന്റെ മുസ്‌ലിംവിരുദ്ധ സ്വഭാവം പ്രകടിപ്പിച്ചിരുന്നു. എറണാകുളത്ത് ഇസ്‌ലാം സ്വീകരിച്ച ഒരാളെ സ്റ്റേഷനിൽ വിളിച്ചുവരുത്തി പോലീസ് ചോദിച്ചത്,'നിന്റെ പഴയ മതത്തിന് എന്താണെടാ കുഴപ്പം' എന്നായിരുന്നു. ആദ്യ ദിവസങ്ങളിൽ മതപ്രബോധകരെയും പോലിസ് അന്യായമായി പിന്തുടർന്നിരുന്നു. എന്നാൽ സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലിനെ തുടർന്ന് അത് അവസാനിക്കുകയായിരുന്നു.

കേരളത്തിൽ മാർക്സിസ്റ്റ്-മുസ്‌ലിം സഖ്യം രൂപപ്പെടുന്നതിന് സമാന്തരമായി തന്നെ മാർക്സിസ്റ്റ്-മുസ്‌ലിംവിരുദ്ധ രാഷ്ട്രീയ സാംസ്കാരിക സാന്നിധ്യവും സജീവമാണ്. നമ്മുടെ ദിനപത്രങ്ങൾ ഇതിന്റെ മുഖപത്രങ്ങളാണ്. സാംസ്കാരിക രംഗത്തും കുറേക്കൂടി സൂക്ഷ്മമായി സർഗസാഹിത്യ മണ്ഡലത്തിൽ പോലും ഈ രണ്ടു ചേരികളെയും നമുക്കു കാണാൻ കഴിയും. ടി.പി രാജീവന്റെ 'പാലേരി മാണിക്യം: ഒരു പാതിരാ കൊലപാതകത്തിന്റെ കഥ' എന്ന നോവൽ മാർക്സിസ്റ്റ്-മുസ്‌ലിം മതവിരുദ്ധതയുടെയും, കെ.പി. രാമനുണ്ണിയുടെ 'ജീവിതത്തിന്റെ പുസ്തകം' മാർക്സിസ്റ്റ്-മുസ്‌ലിം അനുകൂലതയുടെയും ഉദാഹരണങ്ങളായ രണ്ട് ശ്രദ്ധേയ രചനകളാണ്.

**1987ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇ.എം.എസ് ചെയ്തതാണ് ഈ തെരഞ്ഞെടുപ്പിൽ രമേശ് ചെന്നിത്തലയും ഉമ്മൻചാണ്ടിയും ചെയ്തത്. മുസ്‌ലിം വിരുദ്ധ പൊതുബോധത്തെ പരമാവധി ഊതിക്കത്തിച്ച് വോട്ടാക്കിമാറ്റുക എന്നതാണത്. കേരളത്തിലെ പത്ര, ടെലിവിഷൻ മാധ്യമങ്ങളുടെ നിർലോഭമായ പിന്തുണയോടെയാണ് വലതുപക്ഷം ഇത് സാധിച്ചത്.**

തെരഞ്ഞെടുപ്പു ഫലത്തിന്റെ വെളിച്ചത്തിൽ മാർക്സിസ്റ്റ് പാർട്ടി ഈ സൗഹൃദത്തെ എങ്ങനെ നോക്കിക്കാണുന്നു എന്നത് ഏറെ പ്രധാനമാണ്. ഇടതുപക്ഷത്തിന് മുസ്‌ലിംവിരുദ്ധ പൊതുബോധത്തിനും സാമ്രാജ്യത്വത്തിനും എതിരായ രാഷ്ട്രീയവും സാംസ്കാരികവുമായ സമരം ശക്തിപ്പെടുത്താം. അല്ലെങ്കിൽ അത്തരമൊരു സമരത്തെ പാതിവഴിയിൽ ഉപേക്ഷിച്ച് തടിയെടുക്കാം. അത്തരമൊരു സമരം ഇടതുപക്ഷം ഏറ്റെടുത്താൽ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ അതിന്റെ ഗുണഫലം എന്തുതന്നെയായാലും കേരളീയ സമൂഹത്തെ ജനാധിപത്യവൽക്കരിക്കുന്നതിൽ അത് ഏറെ സംഭാവനകൾ അർപ്പിക്കും. പി.ഡി.പിയെയും ഐ.എൻ.എല്ലിനെയും ഇടതുപക്ഷ മുന്നണിയിലെ ഘടകകക്ഷികളാക്കുന്നതിനുള്ള സൈദ്ധാന്തിക തടസ്സം എന്തെന്ന് ഇടതുപക്ഷം ഇനിയും വ്യക്തമാക്കേണ്ടതാണ്.

കേരളത്തിൽ ബി.ജെ.പി വോട്ടുകൾ ഗണ്യമായി കുറഞ്ഞു എന്നത് മുസ്‌ലിംവിരുദ്ധത തെരഞ്ഞെടുപ്പിൽ ഐക്യജനാധിപത്യ മുന്നണിക്കനുകൂലമായി വ്യാപകമായി പ്രവർത്തനക്ഷമമായി എന്നതിന്റെ നിഷേധിക്കാനാവാത്ത തെളിവാണ്. മാർക്സിസ്റ്റ്‌വിരുദ്ധതയും മുസ്‌ലിംവിരുദ്ധതയുമാണ് കേരളത്തിൽ ബി.ജെ.പി വോട്ടിന്റെ അടിസ്ഥാന മുദ്രാവാക്യങ്ങൾ. വിരുദ്ധ രാഷ്ട്രീയം കളിച്ചും വോട്ടു വിറ്റും നശിക്കാനാണ് കേരളത്തിലെ സംഘ്‌രാഷ്ട്രീയത്തിന്റെ വിധി.

കേരളീയ സാമൂഹിക രാഷ്ട്രീയ മണ്ഡലത്തിന്റെ സവർണ മേൽക്കോയ്മയുടെ മൂർത്തവും എണ്ണിക്കണക്കാക്കാവുന്നതുമായ ഉദാഹരണമാണ് ഈ തെരഞ്ഞെടുപ്പു ഫലം. ജനസംഖ്യയിൽ വളരെ ന്യൂനപക്ഷമായ സവർണ ഹിന്ദുക്കളും സവർണ ക്രിസ്ത്യാനികളും കൂടി 20ൽ 11 സീറ്റിൽ ജയിച്ചിരിക്കുന്നു. മുസ്‌ലിം മൂന്ന്, ഈഴവ മൂന്ന്, പിന്നാക്ക ക്രിസ്ത്യാനി ഒന്ന്, പട്ടികജാതി പട്ടികവർഗം രണ്ട് എന്നതാണ് നമ്മുടെ എം.പിമാരുടെ ജാതി തിരിച്ച കണക്ക്. ഇടതുപക്ഷം ആറ് നായന്മാരെയും യു.ഡി.എഫ് അഞ്ചു നായന്മാരെയും മൽസരിപ്പിച്ചിട്ട് കേരളം ഏഴു നായന്മാരെ ജയിപ്പിച്ചു.

കൊക്കക്കോളയുടെ ആസ്ഥാനത്തുവെച്ച് സ്ഥാനാർഥിത്വം പ്രഖ്യാപിച്ച, ഇസ്രയേൽ ഗസ്സയിൽ നടത്തിയ നരമേധം ഇന്ത്യയുടെ അസൂയയാണെന്നെഴുതിയ ശശി തരൂരിനെ കേരളത്തിൽ നവസാമൂഹിക പ്രസ്ഥാനങ്ങളുടെയെല്ലാം എതിരഭിപ്രായങ്ങൾക്കു ശേഷവും ഒരു ലക്ഷം വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിപ്പിച്ചു എന്നത് കേരളീയ ജനാധിപത്യത്തിന്റെ കിരീടത്തിലെ ഒരു തൂവലേ അല്ല. ലജ്ജിക്കുക, ലജ്ജ വിപ്ലവകരമായ ഒരു വികാരമാണ് എന്ന് ഒരിക്കൽ മാർക്സ് പറയുകയുണ്ടായി. തിരുവനന്തപുരത്ത് സോളിഡാരിറ്റിയും പ്ലാച്ചിമട ഐക്യദാർഢ്യസമിതിയുമൊക്കെ കാണിച്ച ആവേശം സി.പി.എം കാണിച്ചിട്ടുണ്ടോ എന്ന അന്വേഷണവും പ്രസക്തമാണ്. ഇടതുപക്ഷത്തെ തോൽപിച്ചത് ഇടതുപക്ഷം തന്നെയാണെന്ന് ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന അമീറിന്റെ പ്രസ്താവനക്ക് ഇത്രയും അർഥവ്യാപ്തിയുണ്ട്. സാമ്രാജ്യത്വ ദല്ലാളിനെ പരാജയപ്പെടുത്തുക എന്നതിനേക്കാൾ പ്രധാനമായ രാഷ്ട്രീയ ദൗത്യമാണ് സി.പി.ഐയെ പാഠംപഠിപ്പിക്കൽ എന്നതാണ് മാർക്സിസ്റ്റ് മനസ്സെങ്കിൽ ലജ്ജ

യെക്കുറിച്ച് മാർക്സ് പറഞ്ഞതുതന്നെയാണ് നിങ്ങളെയും ഓർമിപ്പിക്കാനുള്ളത്. ഭാവി രാഷ്ട്രീയം ഉറപ്പായും സാമ്രാജ്യത്വവിരുദ്ധതയുടെ രാഷ്ട്രീയമാണ്. പക്ഷേ, അത് ഞങ്ങളുടെ രാഷ്ട്രീയമല്ല എന്ന സന്ദേശമാണ് തിരുവനന്തപുരത്തെ നിഷ്ക്രിയത്വത്തിലൂടെ സി.പി.എം ഒരർഥത്തിൽ നൽകുന്നത്.

**രണ്ട്**

സംസ്ഥാന ഭരണത്തിനെതിരെ ഇസ്‌ലാമിക പ്രസ്ഥാനവും അതിന്റെ പോഷകസംഘടനകളും മാധ്യമങ്ങളും നടത്തിയ വിമർശനങ്ങൾ തെരഞ്ഞെടുപ്പ് ഫലത്തെ പരോക്ഷമായി സ്വാധീനിച്ച ഒരു ഘടകമാണ്. ഭരണത്തിനെതിരെ രാഷ്ട്രീയമായി പിന്തുണക്കുന്ന ഗ്രൂപ്പുകൾ വരെ ഉന്നയിക്കുന്ന വിമർശനങ്ങളെ മുഖവിലക്കെടുക്കാൻ ഇടതുപക്ഷത്തിന് സാധിക്കേണ്ടതുണ്ട്. കോൺഗ്രസിൽ ഗ്രൂപ്പിസം അവസാനിച്ചപ്പോൾ സി.പി.എമ്മിൽ ഗ്രൂപ്പിസം മുറുകുകയായിരുന്നു. മുഖ്യമന്ത്രിയെയും പാർട്ടി സെക്രട്ടറിയെയും പി.ബിക്കുതന്നെ സസ്‌പെന്റ് ചെയ്യേണ്ടിവന്ന സംസ്ഥാനത്ത്, മുഖ്യമന്ത്രിയെയും പാർട്ടി സെക്രട്ടറിയെയും ജനം ഡിസ്മിസ് ചെയ്യുക എന്നത് സ്വാഭാവികമല്ല.

ജനം ഇടതുപക്ഷത്തോട് എങ്ങനെ പെരുമാറി എന്നതിനോടൊപ്പം ആലോചിക്കേണ്ട കാര്യമാണ് ഇടതുപക്ഷം ആളുകളോട് എങ്ങനെയാണ് പെരുമാറുന്നത് എന്നത്. ജനമെന്നാൽ പാർട്ടി എന്ന ധാർഷ്ട്യത്തിലാണ് പാർട്ടി പൊതുജനത്തോട് പെരുമാറാറുള്ളത്. ജന്മിയുടെ ഇല്ലത്തുചെന്ന കുടിയാന്റെ അനുഭവമായിരിക്കും പാർട്ടി ഓഫിസിൽ ചെല്ലുന്ന പാർട്ടിക്കാരല്ലാത്തവർക്കുണ്ടാവുക. ഫ്യൂഡലിസത്തിനെതിരായ സമരത്തിനിടയിൽ ഫ്യൂഡൽ മൂല്യങ്ങളെ കമ്യൂണിസ്റ്റ് പ്രസ്ഥാനം ആന്തരികവൽക്കരിക്കുകയായിരുന്നോ? ഒരു ജനാധിപത്യസമൂഹം അഴിമതിയും അധാർമികതയുമൊക്കെ ഒരുപക്ഷേ സഹിച്ചേക്കും. എന്നാൽ ധിക്കാരവും ധാർഷ്ട്യവും കൈയൂക്കും ഒരിക്കലും പൊറുപ്പിക്കുകയില്ല. എന്നാൽ പാർട്ടിഗ്രാമത്തിൽ എല്ലാവർക്കും സുഖമാണ്; എതിരഭിപ്രായം പ്രകടിപ്പിക്കുന്നവർക്കൊഴിച്ച്. എതിരഭിപ്രായം പറയാതെ സഹകരിച്ചാൽ നിങ്ങളുടെ എല്ലാ കാര്യവും അവർ ഭംഗിയായി നടത്തിത്തരും. പക്ഷേ, ജനം അപ്പംകൊണ്ട് മാത്രം ജീവിക്കുന്നവരല്ല, അവർക്ക് അപ്പത്തെക്കാൾ വലുതാണ് സ്വാതന്ത്ര്യം എന്ന് ഇടതുപക്ഷം മനസ്സിലാക്കണം. നമ്മുടെ കാലത്തെ ഏത് സാമൂഹിക പ്രസ്ഥാനത്തിനും നിലനിൽക്കാനുള്ള അടിസ്ഥാനയോഗ്യത അത് ജനാധിപത്യമര്യാദകൾ പാലിക്കുക എന്നതാണ്. ഇല്ലെങ്കിൽ അതിന് മറ്റെന്ത് യോഗ്യതകളുണ്ടെങ്കിലും അത് തകരുമെന്നതിന് ഏറ്റവും വലിയ തെളിവുള്ളത് കമ്യൂണിസ്റ്റുകളുടെ അനുഭവത്തിൽ തന്നെയാണ്. സോവിയറ്റ് യൂനിയൻ തകർന്നത് പട്ടിണി കൊണ്ടല്ല, സ്വാതന്ത്ര്യ നിഷേധം കൊണ്ടാണ്.

തെരഞ്ഞെടുപ്പ് കാമ്പയിന്റെ തൊട്ടുശേഷം സി.പി.എം ജനതാദൾ പ്രവർത്തകർക്കുനേരെ നടത്തിയ ആസൂത്രിത ആക്രമണങ്ങൾ, തെരഞ്ഞെടുപ്പ് കാമ്പയിന്റെ കാലത്ത് ഇടതുപക്ഷ ഏകോപനസമിതി പ്രവർത്തകർക്കു നേരെ അഴിച്ചുവിട്ട മർദനങ്ങൾ, യു.ഡി.എഫിന്റെ വിജയാഹ്ലാദ പ്രകടനങ്ങൾക്കുനേരെപോലും പ്രയോഗിച്ച കൈയൂക്കുകൾ തുടങ്ങിയവ തെളിയിക്കുന്നത്, പല പ്രാവശ്യം ഭരണകക്ഷിയും പ്രതിപക്ഷവുമൊക്കെയായിട്ടും വേണ്ടത്ര ജനാധിപത്യ സാക്ഷരത സി.പി.എം ആർജിച്ചിട്ടില്ല എന്നാണ്. നമ്മുടെ മാധ്യമങ്ങൾക്ക് എല്ലാ കുഴപ്പവും ഉണ്ടായിരിക്കെത്തന്നെ അവയോട് കുറേക്കൂടി മാന്യമായി പെറുമാറാൻ സി.പി.എം ഒരുക്കമല്ലെങ്കിൽ അതിന്റെ എല്ലാ നന്മകളോടുമൊപ്പം അത് ചരിത്രത്തിൽ മണ്ണടിയും.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഒരു സവിശേഷത ലീഗ്‌വിരുദ്ധ തരംഗമായിരുന്നു. ഇപ്രാവശ്യം അതുണ്ടായില്ല. അതുണ്ടാകണമെന്ന് ജമാഅത്തെ ഇസ്‌ലാമി അടക്കം ആഗ്രഹിച്ചിരുന്നുമില്ല. ഒരു മണ്ഡലത്തിൽ ലീഗിനെ പിന്തുണക്കുന്നതിലൂടെ അത്തരമൊരു സാധ്യതയെ നേരത്തെതന്നെ ദുർബലപ്പെടുത്താനാണ് ജമാഅത്ത് ശ്രമിച്ചത്. എന്നാൽ കഴിഞ്ഞതവണത്തെ തോൽവി തികച്ചും യാദൃഛികം മാത്രമാണ് എന്നതാണ് ഈ വിജയംകൊണ്ട് ലീഗ് പഠിക്കുന്നതെങ്കിൽ അത് ആത്മഹത്യാപരമായ ഉന്മാദമായിരിക്കും. കഴിഞ്ഞ തെരഞ്ഞെടുപ്പിലെ വില്ലൻ കുഞ്ഞാലിക്കുട്ടിയായിരുന്നെങ്കിൽ ഈ തെരഞ്ഞെടുപ്പിലെ വില്ലൻ പിണറായി വിജയനായിരുന്നു എന്നുമാത്രം.

1970കളിലും '80കളിലും ഇസ്‌ലാമിക പ്രസ്ഥാനവും അതിന്റെ വിദ്യാർഥി, യുവജന സംഘടനകളും ആഗോളരാഷ്ട്രീയത്തെക്കുറിച്ച് സംസാരിക്കുമ്പോൾ സമുദായ സംഘടനകൾ അതിനെ പരിഹസിക്കുമായിരുന്നു: 'അവർക്ക് ഇവിടത്തെ കാര്യങ്ങളൊന്നും പറയാനില്ല. അവർ അഫ്ഗാനിസ്താനെക്കുറിച്ചും ഇറാനെക്കുറിച്ചും സംസാരിക്കുന്നവരാണ്.' സമീപകാലത്തെ കേരളത്തിലെ ഓരോ തെരഞ്ഞെടുപ്പും നൽകുന്ന സൂചന അഫ്ഗാനും ഇറാനും ഇറാഖുമൊക്കെ ഇവിടത്തെ കാര്യം തന്നെയായി മാറിക്കൊണ്ടിരിക്കുന്നു എന്നാണ്. അതിനോടൊന്നും പ്രതികരിക്കാതെ ആർക്കും തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കാനാവാതായിരിക്കുന്നു. ഇതിന്റെ അർഥം സാമ്രാജ്യത്വവിരുദ്ധ രാഷ്ട്രീയമാണ് കേരളത്തിന്റെ ഭാവി രാഷ്ട്രീയമെന്നാണ്. ഇടതുപക്ഷത്തിന്റെ പോലും ഭാവി, അതിനോട് അവർക്ക് എത്രമാത്രം സത്യസന്ധവും ആത്മാർഥവുമായ നിലപാടുകൾ സ്വീകരിക്കാൻ കഴിയുന്നു എന്നതിനെ ആശ്രയിച്ചാണ്.

നമ്മുടെ മതസംഘടനകൾ വളരെ ശക്തമായി രാഷ്ട്രീയത്തിൽ ഇടപെട്ടു എന്നതാണ് ഈ തെരഞ്ഞെടുപ്പിന്റെ മറ്റൊരു സവിശേഷത. സമസ്തയും മുജാഹിദുകളും തെരഞ്ഞെടുപ്പിൽ അഭിപ്രായം പറഞ്ഞാൽ നമ്മുടെ രാഷ്ട്രീയം ഇടിഞ്ഞുപൊളിഞ്ഞു വീഴുകയോ അവരുടെ മതം മലിനമാവുകയോ ചെയ്യുകയില്ല. മത സംഘടനകളായതുകൊണ്ട് ചില സത്യസന്ധതകൾ നിർബന്ധമായും അവർ പാലിക്കേണ്ടതുണ്ട് എന്നു മാത്രം. തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നതോടെ ഇ.കെ സമസ്തയും ഇരുവിഭാഗം മുജാഹിദുകളുമൊക്കെ പ്രസ്താവനകളുമായി രംഗത്തുവരികയുണ്ടായി. ഇടതുപക്ഷത്തെ പിന്തുണച്ച പി.ഡി.പിയുടെയും കാന്തപുരം ഗ്രൂപ്പിന്റെയും ജമാഅത്തെ ഇസ്‌ലാമിയുടെയും മടവൂർ വിഭാഗത്തിന്റെയും പരാജയമാണിതെന്നാണ് കെ.എൻ.എം പ്രസ്താവനയിലുള്ളത്. എങ്കിൽ


> **സംസ്ഥാന ഭരണത്തിനെതിരെ ഇസ്‌ലാമിക പ്രസ്ഥാനവും അതിന്റെ പോഷകസംഘടനകളും മാധ്യമങ്ങളും നടത്തിയ വിമർശനങ്ങൾ തെരഞ്ഞെടുപ്പ് ഫലത്തെ പരോക്ഷമായി സ്വാധീനിച്ച ഒരു ഘടകമാണ്. ഭരണത്തിനെതിരെ രാഷ്ട്രീയമായി പിന്തുണക്കുന്ന ഗ്രൂപ്പുകൾ വരെ ഉന്നയിക്കുന്ന വിമർശനങ്ങളെ മുഖവിലക്കെടുക്കാൻ ഇടതുപക്ഷത്തിന് സാധിക്കേണ്ടതുണ്ട്.**

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലെ ഇടതുവിജയം ഇവരുടെയൊക്കെ വിജയമാണെന്നംഗീകരിക്കാൻ കെ.എൻ.എം സന്നദ്ധമാണോ? തങ്ങളുടെ തലക്കു മുകളിലാണ് ലോകം കറങ്ങുന്നതെന്നു കരുതുന്ന ജമാഅത്തെ ഇസ്‌ലാമിയും പരിഹാസ്യമായിരിക്കുകയാണെന്നാണ് പ്രസ്താവന തുടർന്നു പറയുന്നത്. വോട്ടിനെക്കുറിച്ചും വോട്ടിന്റെ സ്വാധീനത്തെക്കുറിച്ചും ഒരവകാശവാദവുമില്ലെന്ന് തുറന്നുപ്രഖ്യാപിച്ചുകൊണ്ടാണ് ജമാഅത്ത് അതിന്റെ തെരഞ്ഞെടുപ്പ് നയം പ്രഖ്യാപിച്ചത്. ആരാന്റെ ജയം തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഏറ്റെടുക്കുന്ന, എട്ടുകാലി മമ്മൂഞ്ഞിത്തരമെന്നോ അല്ലെങ്കിൽ കേരളത്തിൽ മുസ്‌ലിയാർ-മൗലവി രാഷ്ട്രീയമെന്നോ പറയാവുന്ന രാഷ്ട്രീയ ആഭാസം ഏതായാലും ജമാഅത്തെ ഇസ്‌ലാമിക്കില്ല. പിന്നെ ശരിയും തെറ്റും തീരുമാനിക്കേണ്ടത് ഭൂരിപക്ഷ പിന്തുണയുടെ അടിസ്ഥാനത്തിലല്ല എന്ന് ഖുർആൻ നിവർത്തിപ്പിടിച്ച് പറഞ്ഞുപഠിപ്പിച്ച പ്രസ്ഥാനമാണിത്. നമ്മളൊരുപാടുകാലം പരസ്പരം പൊരുതിയത് അങ്ങനെ പറയാൻ പാടുണ്ടോ പാടില്ലേ എന്നതിനെച്ചൊല്ലിയാണ്.

ജമാഅത്തിന്റെയും പി.ഡി.പിയുടെയും കാന്തപുരത്തിന്റെയും പരാജയം മാത്രമല്ല, മുജാഹിദിന്റെയും സമസ്തയുടെയും ഒരുപാടു നേതാക്കളും അണികളും അണിനിരന്നിരിക്കുന്ന ഐ.എൻ.എല്ലിന്റെയും എൻ.സി.പിയുടെയും കോൺഗ്രസ് എസ്സിന്റെയും മാർക്സിസ്റ്റ് പാർട്ടിയുടെയും പരാജയമാണിത്. സംഘടിത മുസ്‌ലിം രാഷ്ട്രീയ ശക്തിയെ തകർക്കാൻ ശ്രമിച്ചവർക്കേറ്റ തിരിച്ചടിയാണിതെന്നാണ് സമസ്ത പറയുന്നത്. ഇവർ ഇനിയെങ്കിലും സത്യസന്ധമായി വ്യക്തമാക്കേണ്ട ഒരു കാര്യമാണ്, ഇവർ ലീഗിന്റെ പോഷകസംഘടനയാണോ അല്ലേ? സംഘടനക്കു രാഷ്ട്രീയമില്ല, വ്യക്തികൾക്കു രാഷ്ട്രീയമാകാം എന്നാണെങ്കിൽ അത് ലീഗ് രാഷ്ട്രീയം മാത്രമാണോ?

കാന്തപുരം ഗ്രൂപ്പ് നിശ്ശബ്ദമാണ്. തെരഞ്ഞെടുപ്പ് റിസൾട്ടിന്റെ പിറ്റേദിവസം *സിറാജ്* പത്രം പുറത്തിറങ്ങിയത് കുഞ്ഞാലിക്കുട്ടിയുടെ പ്രസ്താവന പെട്ടിക്കോളത്തിൽ വമ്പിച്ച പ്രാധാന്യത്തോടെ റിപ്പോർട്ടു ചെയ്തുകൊണ്ടാണ്. 'ലീഗിന് എ.പി വിഭാഗത്തിന്റെ വോട്ടുകൾ ലഭിച്ചു' (*സിറാജ്* ദിനപത്രം -മെയ് 17). എ.പി സുന്നികളായ കോൺഗ്രസ് വിഭാഗത്തിന്റെ വോട്ടുകൾ ലീഗിന് ലഭിച്ചു എന്ന് കുഞ്ഞാലിക്കുട്ടി പറഞ്ഞതായാണ് വൻ പ്രധാന്യത്തോടെ റിപ്പോർട്ട് ചെയ്തത്.

അതുകൊണ്ട് ഇല്ലാത്ത മുതലുകൊണ്ട് നടത്തുന്ന ഈ അനിസ്‌ലാമിക കച്ചവടം മതസംഘടനകൾ അവസാനിപ്പിക്കുകയാണ് ദൈവഭക്തിയും ധാർമികതയും. മതത്തിന് രാഷ്ട്രീയത്തിലിടപെടാം; അത് മതത്തിന്റെ മുഖത്തെ അപഹാസ്യമാക്കാനാകരുത്. മതത്തിന്റെ വിമോചനമൂല്യങ്ങളെയും ധാർമിക ഉള്ളടക്കത്തെയും ഉജ്വല നിലപാടുകളെയും പൊതുമണ്ഡലത്തിലേക്ക് കൊണ്ടുവരാനാകണം. സത്യസന്ധതയും സുതാര്യതയുമാണ് ഏറ്റവും വിപ്ലവകരമായ സ്വഭാവഗുണങ്ങൾ. ■